(ബി) ഉണ്ടെങ്കിൽ അതിന് എന്തു പരിഹാര മാർഗ്ഗങ്ങൾ കൈക്കൊണ്ടിട്ടുണ്ട്?

വ്യവസായവും വനവും വകുപ്പുമന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഉണ്ട്.

(ബി) ഇക്കാര്യം വിശദമായി പഠിച്ചു പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനുള്ള നടപടികൾ കൈത്തറി വിഭാഗം ഡയറക്ടർ എടുത്തുവരികയാണ്.

വ്യാവസായികമായി പിന്നോക്കം നിൽക്കുന്ന ജില്ലകൾ

*365 [385] ശ്രീ. ആർ. എസ്. ഉണ്ണി:

,, ത്യാഗരാജൻ:

,, കല്ലട നാരായണൻ:

,, തോമസ് ജോസഫ്:

,, ഈപ്പൻ കണ്ടക്കുടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായികാവശ്യങ്ങൾക്കായി ജില്ലകളെ മുന്നോക്ക ജില്ലയെന്നും പിന്നോക്ക ജില്ലയെന്നും തരംതിരിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നു വിശദീകരിക്കുമോ;

(ബി) കേരളത്തിൽ ഏതെല്ലാം ജില്ലകളാണ് മുന്നോക്ക ജില്ലയെന്ന് കണക്കാക്കിയിട്ടുള്ളത്;

(സി) ഏതെല്ലാം ജില്ലകൾ വ്യാവസായികമായി പിന്നോക്ക ജില്ലകളായി പ്രഖ്യാപിക്കപ്പെട്ടിട്ടുണ്ട്;

(ഡി) കൂടുതലായി ഏതെങ്കിലും ജില്ല ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ടോ;

(ഇ) ഒരിക്കൽ മുന്നോക്ക ജില്ലയെന്ന് നിശ്ചയിച്ചിട്ടുള്ള ഏതെങ്കിലും ജില്ല സ്ഥിതിവിവരക്കണക്കുകളുടെ അടിസ്ഥാനത്തിൽ പിൽക്കാലത്ത്, പിന്നോക്ക അവസ്ഥയിലാണെന്ന് ബോദ്ധ്യപ്പെട്ടാൽ പിന്നോക്ക ജില്ലയായി പ്രഖ്യാപിക്കുമോ?

വ്യവസായവും വനവും വകുപ്പു മന്ത്രി (ശ്രീ. പി. എസ്. ശ്രീനിവാസൻ):

(എ) ഓരോ ജില്ലയുടേയും താഴെപ്പറയുന്ന അടിസ്ഥാന സ്ഥിതിവിവരങ്ങളെ അവലംബിച്ചാണ് വ്യാവസായിക പിന്നോക്കാവസ്ഥ നിർണ്ണയിച്ചിട്ടുള്ളത്.

(1) ഭക്ഷ്യ ധാന്യത്തിന്റെ ആളോഹരി ലഭ്യത

(2) കാർഷിക തൊഴിലാളികളുടെ ജനസംഖ്യാനുപാതം

LIBRARY ARCHIVES Kerala Legislative Assembly

(3) വ്യാവസായികോൽപ്പാദനത്തിന്റെ പ്രതിശീർഷ വിഹിതം

(4) ജനസംഖ്യയിൽ ഓരോ ലക്ഷത്തിലും വരുന്ന ഫാക്ടറി തൊഴിലാളികളുടെ എണ്ണം

(5) പ്രതിശീർഷ വൈദ്യുതോപയോഗം

(6) ജനസംഖ്യാനുപാതികമായി റോഡിന്റെയും റെയിൽവേയുടേയും ദൈർഘ്യം.

(ബി) കൊല്ലം, കോട്ടയം, ഇടുക്കി, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ ആറു ജില്ലകളാണ് മുന്നോക്ക ജില്ലകൾ.

(സി) ആലപ്പുഴ, മലപ്പുറം, കണ്ണൂർ, തൃശ്ശൂർ, തിരുവനന്തപുരം എന്നീ അഞ്ചു ജില്ലകൾ പിന്നോക്ക ജില്ലകളായി പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ ഇവയിൽത്തന്നെ ആലപ്പുഴ, മലപ്പുറം, കണ്ണൂർ എന്നീ മൂന്ന് ജില്ലകൾക്കു മാത്രമേ കേന്ദ്ര ഗവൺമെന്റിന്റെ ഇൻവെസ്റ്റ്മെന്റ് സബ്സിഡിക്ക് അർഹതയുള്ളു.

(ഡി) ഉണ്ട്.

(ഇ) കേന്ദ്ര ഗവണ്മെന്റാണ് ജില്ലകളെ പിന്നോക്ക ജില്ലകളായി പ്രഖ്യാപിക്കുന്നത്. കൊല്ലം, എറണാകുളം എന്നീ ജില്ലകളൊഴികെ മറ്റു ജില്ലകളെല്ലാം പിന്നോക്ക ജില്ലകളായി അംഗീകരിച്ചു കിട്ടുന്നതിനുള്ള നിർദ്ദേശങ്ങൾ പരിഗണിച്ചു കൊണ്ടിരിക്കുകയാണ്.

ലക്ഷം വീടു പദ്ധതി

* 366 [386] ശ്രീ. എം. പി. ഗംഗാധരൻ:

ശ്രീ. എൻ. ഐ. ദേവസ്സിക്കുട്ടി:

ശ്രീ. സേവ്യർ അറയ്ക്കൽ:

ശ്രീ. ഇ. നാരായണൻ നായർ:

ശ്രീ. പി. ആർ. കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലക്ഷം വീടു പദ്ധതി ഗവൺമെന്റ് ഉപേക്ഷിച്ചുവോ?

(ബി) ഇതുവരെ എത്ര വീടുകളുടെ പണി പൂർത്തിയാക്കി;

(സി) എത്ര വീടുകൾ താമസക്കാർക്ക് ഏൽപ്പിച്ചു കൊടുത്തു;

(ഡി) ബാക്കി കൊടുക്കാതിരിക്കുവാൻ എന്താണു കാരണം;

(ഇ) പദ്ധതി ഉപേക്ഷിക്കുവാനുള്ള കാരണം വിശദീകരിക്കാമോ;

തൊഴിലും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. എം.കെ. രാഘവൻ):

(എ) 1971 ഡിസംബർ മാസത്തിൽ ആരംഭം കുറിച്ച ലക്ഷം വീടു പദ്ധതി 1976 മാർച്ച് 31-ാം തീയതിയോടുകൂടി അവസാനിപ്പിച്ചു. 1975 ഒക്ടോബർ 2 നു മുമ്പ് പരമാവധി വീടുകളുടെ നിർമ്മാണം പൂർത്തി

LIBRARY ARCHIVES Kerala Legislative Assembly